പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 4 — 27.02.2017 -ൽ മറുപടിക്ക്.

## ഭക്ഷ്യ ഭദ്രതാ നിയമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. നൗഷാദ്**<br>**ശ്രീ.കെ.വി.വിജയദാസ്**<br>**ശ്രീ.ഡി.കെ. മുരളി**<br>**ശ്രീ.മുരളി പെരുനെല്ലി** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) 2016 നവംബർ, ഡിസംബർ മാസങ്ങളിൽ സംസ്ഥാനത്ത് റേഷൻ അരി ലഭിക്കാൻ സാധിക്കാതെ പോയതിന്റെ കാരണങ്ങൾ അറിയിക്കാമോ;<br><br>(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാടും പ്രശ്നം പരിഹരിക്കാനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടിയും എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) & (ബി) 2016 നവംബർ മാസത്തേയ്ക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി തുക സെപ്തംബർ മാസം തന്നെ സർക്കാർ എഫ്.സി.ഐ യിൽ ഒടുക്കിയിരുന്നു എന്നാൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയില്ലെന്ന കാരണത്താൽ കേന്ദ്ര സർക്കാർ എ.പി.എൽ നിരക്കിൽ നൽകി വന്നിരുന്ന അരിക്ക് നവംബർ മാസം മുതൽ താങ്ങുവില നിരക്ക് ഈടാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കൂടിയ നിരക്ക് നൽകിയാലേ അരി വിട്ടെടുക്കാൻ അനുവദിക്കുയുള്ളുവെന്ന് എഫ്.സി.ഐ നിലപാട് സ്വീകരിക്കുകയും ചെയ്തു. മാത്രമല്ല എ.പി.എൽ/ ബി.പി.എൽ വിഭാഗങ്ങൾക്കുള്ള അധിക അലോട്ട്മെന്റ് കേന്ദ്രം നൽകിയതുമില്ല. പിന്നീട് നവംബർ 1 മുതൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുകയും ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരമുള്ള ഭക്ഷ്യധാന്യം കേന്ദ്രം അനുവദിച്ചെങ്കിലും വിട്ടെടുപ്പിന് എഫ്.സി.ഐ യെ സമീപിച്ച സമയത്ത് എഫ്.സി.ഐ തൊഴിലാളികൾ അട്ടിക്കൂലി നൽകാത്തതിന്റെ പേരിൽ പണിമുടക്ക് നടത്തി സാധനങ്ങൾ കയറ്റി നൽകിയില്ല. എഫ്.സി.ഐ അധികൃതരുടെ നിസ്സഹരണവും സമയോചിതമായ ഇടപെടലിന്റെ അഭാവവും ഇക്കാര്യത്തിലുണ്ടായി. എന്നാൽ സർക്കാർ വിവിധ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും ഭക്ഷ്യധാന്യ വിതരണം തടസ്സപ്പെടുത്തുന്നവർക്കെതിരെ KESMA ഉൾപ്പെടെയുള്ള കർശന നടപടി സ്വീകരിക്കാൻ തീരുമാനിച്ചതിന്റെയും അടിസ്ഥാനത്തിൽ വിട്ടെടുപ്പ് പൂർത്തിയാക്കി. ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം ലഭ്യമായ ഭക്ഷ്യധാന്യം മുൻഗണനാ വിഭാഗങ്ങളുടെ കരട് ലിസ്റ്റ് അനുസരിച്ച് വിതരണത്തോത് ക്രമീകരിച്ച് ഓരോ ജില്ലകൾക്കും വീതിച്ച് നൽകാനും നിലവിൽ എഫ്.സി.ഐ യിൽ ഒടുക്കിയ തുകയ്ക്ക് പുറമെ പുതിയ നിരക്ക് പ്രകാരം എഫ്.സി.ഐ യിൽ പണമൊടുക്കൽ |

എല്ലാം കൂടി ഒരു അനിശ്ചിതത്വം ഉണ്ടായി. ടി കാരണങ്ങളാലുണ്ടായ കാലതാമസം പരിഗണിച്ച് നവംബർ മാസത്തെ വിട്ടെടുപ്പ് ഡിസംബർ മാസം 31 വരെയും, ഡിസംബർ മാസത്തെ വിട്ടെടുപ്പ് ജനുവരി 14 വരെയും നീട്ടി നല്കി. ഫെബ്രുവരി മാസത്തെ വിട്ടെടുപ്പ് പൂർത്തിയാക്കി വിതരണം നടത്തിക്കൊണ്ടിരിക്കുന്നു.

(സി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നോ; എങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിച്ചുവെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയക്രമം അനുസരിച്ച് അതു നടപ്പിലാക്കാൻ സാധിച്ചിരുന്നോ എന്നും വ്യക്തമാക്കാമോ;

(സി) 02.12.2013 ലെ സ.ഉ(കൈ) നം. 53/13/ഭ.പൊ.വി.വ ഉത്തരവ് പ്രകാരം ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നല്കി. ഇത് നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രധാനമായും നാല് കാര്യങ്ങളാണ് ചെയ്യേണ്ടത്. അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ, വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം, റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ, പരാതി പരിഹാര സംവിധാനം. ഇപ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ടി മാനദണ്ഡങ്ങളും റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (RCMS) പ്രകാരമുള്ള നിലവിലെ റേഷൻ കാർഡിലെ വിവരവും ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി 01-01-2015 മുതൽ വിവരശേഖരണത്തിനായി റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്യുകയും പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിലൂടെ ലഭ്യമായ വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്ത് പൂർത്തീകരിക്കുകയും ചെയ്തു. പിന്നീട് ഡാറ്റാ എൻട്രികളുടെ പിഴവുകൾ തിരുത്തുന്നതിനും ആവശ്യമായ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി ഈ ഡാറ്റാ എൻട്രിയുടെ പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്തു. അപാകതകൾ പരിഹരിച്ചും പുതിയ വിവരങ്ങൾ ചേർത്തതുമായ ഈ പ്രിന്റൗട്ടുകൾ തിരികെ ലഭ്യമാക്കി വീണ്ടും ഡാറ്റാ എൻട്രി പൂർത്തിയാക്കി. എൻ.ഐ.സി വികസിപ്പിച്ച റാങ്കിംഗ് സോഫ്റ്റ്‌വെയറിലൂടെ താലൂക്ക്തല റാങ്കിംഗ് നടത്തി സംസ്ഥാനത്തെ 75 താലൂക്ക് സപ്ലൈ ആഫീസുകളിലെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലേയും (ആകെ 81) മുൻഗണന/മുൻഗണന ഇതര കുടുംബങ്ങളുടെ കരട് പട്ടിക പ്രസിദ്ധീകരണത്തിനായി തയ്യാറാക്കുകയും അതിൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസ്, എറണാകുളം ജില്ലയിലെ എറണാകുളം സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു.

എന്നാൽ 05.03.16 മുതൽ പൊതു തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ മറ്റ് താലൂക്കുകളിലെ കരട് പട്ടിക പ്രസിദ്ധീകരിച്ചില്ല. കരട് പട്ടിക പ്രസിദ്ധീകരിച്ച ടി ജില്ലകളിൽ ലഭിച്ച പരാതികളിൽ പ്രകടമായ വ്യത്യാസം ഉണ്ടായി. ഇത് താലൂക്ക്തല റാങ്കിംഗ് നിമിത്തമാണെന്ന വസ്തുത കണക്കിലെടുത്ത് സംസ്ഥാനതലത്തിൽ റാങ്കിംഗ് നടത്തുന്നതിന് തീരുമാനമുണ്ടായി. 2015 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പും. 2016 ലെ നിയമസഭാ തെരഞ്ഞെടുപ്പും നടന്ന സമയങ്ങളിൽ ജീവനക്കാർ ഇലക്ഷൻ പ്രവർത്തനങ്ങളിൽ നിയോഗിക്കപ്പെട്ടതിനാലും, പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയക്രമത്തിനനുസരിച്ച് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിഞ്ഞില്ല.

(ഡി) മുൻഗണനേതര വിഭാഗങ്ങളിൽപ്പെടുന്നവർക്ക് ന്യായവിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാടെന്താണെന്ന് അറിയിക്കാമോ?

(ഡി) മുൻഗണനേതര വിഭാഗങ്ങൾക്കുള്ള റേഷൻ വിതരണത്തെപ്പറ്റി ഭക്ഷ്യ ഭദ്രതാ നിയമത്തിൽ പ്രതിപാദിക്കുന്നില്ല. എങ്കിലും ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങൾ മുൻഗണനേതര വിഭാഗങ്ങൾക്കാണ് നൽകിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2015-16) എ.പി.എൽ വിഭാഗങ്ങൾക്ക് അഡ്ഹോക്ക് വിഹിതമുൾപ്പടെ പ്രതിമാസം 68340 മെ.ടൺ ഭക്ഷ്യധാന്യങ്ങൾ ലഭിച്ച സ്ഥാനത്ത് 2016 നവംബർ മുതൽ ഭക്ഷ്യ ഭദ്രത നിയമപ്രകാരം ടൈഡ് ഓവർ വിഹിതമായി 33294.198 മെ.ടൺ ഭക്ഷ്യധാന്യം മാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ടി വിഹിതം എ.പി.എൽ വിഹിതം ലഭ്യമായിരുന്ന അതേ വിലയ്ക്കാണ് ലഭ്യമാകുന്നത്. ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് ലഭിക്കുന്ന ഭക്ഷ്യധാന്യ വിഹിതത്തിന്റെ അളവ് കണക്കാക്കിയത് പുനപരിശോധിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടപ്പോൾ, 2010-11 മുതൽ 2012-13 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ നോർമൽ വിഹിതത്തിന്റെ വാർഷിക ശരാശരി കണക്കിലെടുത്താണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും എല്ലാ സംസ്ഥാനങ്ങൾക്കും ഇതേ രീതി തന്നെയാണ് അവലംബിച്ചിരിക്കുന്നതെന്നതിനാൽ കേരളത്തിനു മാത്രമായി വ്യത്യാസം വരുത്താൻ കഴിയില്ലെന്നുമാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ